# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1799 06.03.17 ൽ മറുപടിയ്ക്ക്

**<u>സ്മാർട്ട് കാർഡ് ഫീ</u>**

| | ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പേര് മാറ്റുന്നതിനും അടക്കമുള്ള സേവനങ്ങൾക്ക് സ്മാർട്ട് കാർഡ് ഫീ എന്ന പേരിൽ 200 രൂപ ഈടാക്കിയിരുന്നോ; | (എ) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പേര് മാറ്റുന്നതിനുമുള്ള സേവനങ്ങൾക്ക് സ്മാർട്ട് കാർഡ് ഫീ എന്ന പേരിൽ 200/- രൂപ ഈടാക്കിയിരുന്നു. |
| (ബി) | സ്മാർട്ട് കാർഡ് നൽകാതെ പ്രസ്തുത ഫീസ് ഈടാക്കിയത് എന്ത് അടിസ്ഥാനത്തിലായിരുന്നുവെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാർ വിജ്ഞാപനത്തിൽ പരാമർശിച്ചിരുന്നത് ' സ്മാർട്ട് കാർഡ് ടൈപ്പ് ' എന്നായിരുന്നു. വകുപ്പ് നൽകുന്ന ഇത്തരം സർട്ടിഫിക്കറ്റുകളിൽ ബാർകോഡ് റീഡർ, ഹോളോഗ്രാം തുടങ്ങിയ വിവിധ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിരുന്നതിനാലാണ് ആയത് ഈടാക്കിയിട്ടുള്ളത്. |
| (സി) | ഫീസ് ഈടാക്കുവാനുള്ള തീരുമാനം പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം അധിക ഫീസ് നൽകിയ വ്യക്തികൾക്ക് അത് മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾക്കുള്ള ഇത്തരം ഫീസ് പിൻവലിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം അധിക ഫീസ് ഈടാക്കിയ വ്യക്തികൾക്ക് അത് ഭാവിയിൽ മറ്റ് സേവനങ്ങൾക്ക് വരുമ്പോൾ അഡ്ജസ്റ്റ് ചെയ്ത് നൽകുന്നതാണ്. |
| (ഡി) | സ്മാർട്ട് കാർഡ് അല്ലാതിരുന്നിട്ടും ഡ്രൈവിംഗ് ലൈസൻസിന് ഇപ്പോഴും 200 രൂപ ഫീസ് ഈടാക്കുന്നതിലെ അപാകത പരിഹരിക്കുമോ? | (ഡി) | മോട്ടോർവാഹന വകുപ്പ് നൽകുന്ന ലാമിനേറ്റഡ് കാർഡിലുള്ള ഡ്രൈവിംഗ് ലൈസൻസിൽ ഹോളോഗ്രാം, നാനോ പ്രിന്റിംഗ്, അൾട്രാ വയലറ്റ് ലൈറ്റിൽ തെളിയുന്ന കേരള സർക്കാർ ചിഹ്നം തുടങ്ങിയ സ്മാർട്ട് കാർഡിലെ വിവിധ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം ഡ്രൈവിംഗ് ലൈസൻസുകളെ 'സ്മാർട്ട് കാർഡ് ടൈപ്പ് ' വിഭാഗത്തിൽ ഉൾപ്പെടുത്തി 200/- രൂപ ഫീസ് ഈടാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**